പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1821 15.07.2016-ൽ മറുപടിയ്ക്ക്

# ആദിവാസി കോളനികളിൽ ടൈൽ പാകുന്ന പദ്ധതി

ചോദ്യം
ശ്രീ.ആർ.രാജേഷ്
ശ്രീ.പി.ടി.എ.റഹീം
ശ്രീ.പി.കെ.ശശി
പ്രൊഫ.കെ.യു.അരുണൻ

മറുപടി
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും
വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | കഴിഞ്ഞ സർക്കാർ, ആദിവാസി കോളനികളിൽ ടൈൽ പാകുന്ന പദ്ധതി ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ; | എ) | കഴിഞ്ഞ സർക്കാർ പട്ടികവർഗ്ഗ കോളനികളിൽ ടൈൽ പാകുന്ന പദ്ധതി എന്ന പേരിൽ പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടില്ല.<br>എന്നാൽ 2014-15, 2015-16 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനത്തിനായി വയനാട്, ഇടുക്കി, പാലക്കാട്, തിരുവനന്തപുരം, കണ്ണൂർ, കാസർഗോഡ്, മലപ്പുറം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലായി വിവിധ വികസന പ്രവർത്തനങ്ങളായ വൈദ്യുതീകരണം, റോഡ് നിർമ്മാണം, കുടിവെള്ളം, കമ്മ്യൂണിറ്റി സെന്ററുകൾ, ശ്മശാനം, കല്ലുസ് നിർമ്മാണം, നടപ്പാലങ്ങൾ, നടപ്പാതകൾ, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി എ.റ്റി.എസ്.പി പദ്ധതി നടപ്പിലാക്കിയിരുന്നു. ഈ പദ്ധതിയിൽ കോളനികളിൽ ടൈൽ പാകി മോടി പിടിപ്പിച്ചിരുന്നു. |

| | | | |
|---|---|---|---|
| ബി) | ആദിവാസികൾക്ക് പ്രയോജനപ്രദമാകാതെ പോയ പ്രസ്തുത പദ്ധതിക്കായി മുൻ സർക്കാർ എത്ര കോടി രൂപയാണ് ചെലവഴിച്ചതെന്ന് വെളിപ്പെടുത്താമോ; | ബി) | പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനത്തിന് എ.ടി.എസ്.പി എന്ന പദ്ധതിയിൽ 2014-15 സാമ്പത്തിക വർഷത്തിൽ പിന്നോക്കാവസ്ഥയിലുള്ള 14 ബ്ലോക്ക്/പഞ്ചായത്തുകളെ തെരഞ്ഞെടുത്ത് അതിൽ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി 135.75 കോടി രൂപയുടെ വിവിധ വികസന പദ്ധതി നടപ്പിലാക്കി വരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ 65 കോടി രൂപയുടെ സുസ്ഥിര വികസന പദ്ധതി നടപ്പിലാക്കി വരുന്നു. |
| സി) | പ്രസ്തുത പദ്ധതിയിൽ വൻ അഴിമതി നടന്നുവെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | ഇതു സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു. |
| ഡി) | ഏതൊക്കെ ഏജൻസികളാണ് പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയതെന്ന് വ്യക്തമാക്കാമോ; | ഡി) | 2014-15 വർഷത്തിൽ വിവിധ വകുപ്പ് മുഖേന ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പദ്ധതി നടപ്പിലാക്കി വരുന്നു. 2015-16 വർഷത്തിൽ കണ്ണൂർ, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിൽ സർക്കാർ അംഗീകൃത നിർവ്വഹണ ഏജൻസിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ (FIT) ആലുവയാണ്. മലപ്പുറം ജില്ലയിൽ പദ്ധതി നടപ്പിലാക്കുന്നത് നിലമ്പൂർ മുൻസിപ്പാലിറ്റിയും പോത്തുകൽ ഗ്രാമപഞ്ചായത്തുമാണ്. |
| ഇ) | സമഗ്ര കോളനി വികസന പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ഇ) | സമഗ്ര കോളനി വികസന പദ്ധതി നടപ്പിലാക്കുന്നത് ചുവടെ ചേർത്തിരിക്കും പ്രകാരമുള്ള സംവിധാനത്തിലൂടെയാണ്.<br><br>**<u>പദ്ധതി രൂപീകരണം</u>**<br>• ജനപ്രതിനിധികൾ ഉൾപ്പെടെ പങ്കെടുത്ത ഊരുകൂട്ട നിർദ്ദേശത്തിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിലാണ് പദ്ധതി ആവിഷ്കരിക്കുന്നത്.<br>• ഡി.പി.ആർ തയ്യാറാക്കുന്നതിനായി വിവിധ സർക്കാർ അംഗീകൃത ഏജൻസികളെ ചുമതലപ്പെടുത്തുന്നു.<br>• പദ്ധതി നടപ്പിലാക്കുന്നത് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടു കൂടിയാണ്.<br>**പദ്ധതി അവലോകനം**<br>• വിവിധ തലത്തിൽ ടി പദ്ധതികളുടെ അവലോകനം നടത്തി വരുന്നു.<br>• ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനായ മോണിറ്ററിംഗ് കമ്മിറ്റി ടി പദ്ധതികൾ അവലോകനം ചെയ്യുന്നുണ്ട്.<br>• വകുപ്പ് അദ്ധ്യക്ഷൻ ജില്ലാതല ഉദ്യോഗസ്ഥരുടെ പ്രതിമാസ പദ്ധതി അവലോകന യോഗത്തിൽ ടി പദ്ധതികൾ വിലയിരുത്തുന്നു.<br>• വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ജില്ലാ കളക്ടർമാരുമായും ജില്ലാതല ഉദ്യോഗസ്ഥരുമായും വീഡിയോ കോൺഫറൻസിലൂടെ പദ്ധതി അവലോകനം ചെയ്തു വരുന്നു.<br>സംസ്ഥാനതലത്തിൽ ബഹു.വകുപ്പ് മന്ത്രി, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, വകുപ്പ് സെക്രട്ടറി എന്നിവരടങ്ങിയ ഹൈ ലെവൽ മോണിറ്ററിംഗ് കമ്മിറ്റി പദ്ധതി പുരോഗതി |

| | | | |
|---|---|---|---|
| | | | വിലയിരുത്തുകയും പദ്ധതി നടത്തിപ്പിൽ അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ അവ പരിഹരിച്ച് പദ്ധതി നടത്തിപ്പ് സുഗമമാക്കുകയും ചെയ്യുന്നു. |

Haripriya

സെക്ഷൻ ഓഫീസർ